**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ഇന്ദിര ആവാസ് യോജന – തറ വിസ്തീർണ്ണം - പരമാവധി 66m² ൽ നിന്നും 25% വരെ അധികരിക്കുന്നത് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഭവനപദ്ധതികൾക്കു പുറമെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം.56/17/തസ്വഭവ    തീയതി,തിരുവനന്തപുരം : 16/03/2017

---

പരാമർശം -
1. സ.ഉ(കൈ)നം.2008/2016/തസ്വഭവ തീയതി 28-06-2016.
2. സ.ഉ(കൈ)നം. 110/16/തസ്വഭവ തീയതി : 06/08/2016.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മറ്റിയുടെ 14/11/2016 ലെ യോഗത്തിലെ 3.19 നമ്പർ തീരുമാനം.

**ഉത്തരവ്**

ഇന്ദിര ആവാസ് യോജന പ്രകാരം 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചുകൊണ്ട് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും, ഇ എം എസ് ഭവന പദ്ധതി ഉൾപ്പെടെ പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും കൂടി ബാധകമാക്കി പരാമർശം ഒന്ന്, രണ്ട് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മറ്റിയുടെ പരാമർശം 3-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം ഒന്നും രണ്ടും ഉത്തരവുകൾ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് കൂടി ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ